# Deepika

## 24 August 2018

## Thiruvananthapuram: After Flood

# 'ഫ്ളഡ് റിലീഫ്' ബാനർ വച്ച് തട്ടിപ്പ്; ലോറി നാട്ടുകാർ തടഞ്ഞിട്ടു

**തിരുവനന്തപുരം:** 'ഫ്ളഡ് റിലീഫ്' എന്ന ബാനർ വച്ചുവന്ന കണ്ടെയ്നർ ലോറി തിരുവനന്തപുരം മുട്ടട ജംഗ്ഷനു സമീപം നാട്ടുകാർ തടഞ്ഞിട്ടു. സോഫ്റ്റ് ഡ്രിംഗ്സുകളുമായി വെള്ളയമ്പലം ഭാഗത്തുനിന്ന് അമ്പലമുക്കിലൂടെ കടന്നുവന്ന ലോറിയാണ് സംശയംതോന്നി ഇന്നലെ ഉച്ചയ്ക്ക് രണ്ടോടെ നാട്ടുകാർ തടഞ്ഞിട്ടത്.

മുട്ടടയിലെത്തിയ വാഹനത്തിൽ നിന്ന് കോള ഉൾപ്പെടെയുള്ള സാധനങ്ങൾ ചെറിയ വാഹനങ്ങളിലേക്കു മാറ്റി കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് നാട്ടുകാർക്കു സംശയമുണ്ടായത്. തുടർന്ന് ഇവർ വാഹനം തടഞ്ഞിട്ടശേഷം പോലീസിൽ അറിയിച്ചു. കോയമ്പത്തൂരിൽ നിന്ന് കരകുളത്തുള്ള ഒരു കടയിലേക്ക് കൊണ്ടുവന്ന സാധനങ്ങളാണ് ഇതെന്നു ഡ്രൈവർ സമ്മതിച്ചതായി പേരൂർക്കട എസ്ഐ സമ്പത്ത് പറഞ്ഞു.



**സോഫ്റ്റ് ഡ്രിംഗ്സുകളുമായി എത്തിയ കണ്ടെയ്നർ ലോറി തിരുവനന്തപുരം മുട്ടടയിൽ നാട്ടുകാർ തടഞ്ഞിട്ടപ്പോൾ.**

'ഫ്ളഡ് റിലീഫ്' എന്ന് എഴുതിയിരുന്നതിനാൽ പൊതുജനങ്ങളിൽ നിന്നു ശേഖരിച്ച എന്തെങ്കിലും വസ്തുക്കൾ കണ്ടെയ്നറിലുണ്ടോയെന്ന് വിശദമായി പരിശോധിച്ചുവെങ്കിലും അങ്ങനെയുള്ള സാധനങ്ങളൊന്നും കണ്ടെത്താനായില്ല. കളിയിക്കാവിള, പാറശാല ചെക്പോസ്റ്റ് വഴിയാണ് വാഹനം കടന്നുവന്നത്. 'ഫ്ളഡ് റിലീഫ്' ബാനർ ഉള്ളതിനാൽ പരിശോധന ഉണ്ടാകില്ലെന്നു കരുതിയാകാം ഇവർ ഇങ്ങനെ ചെയ്തതെന്നാണ് പോലീസിന്റെ അനുമാനം.

മുമ്പ് ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് വാഹനം ഓടിയിരുന്നുവെന്നും ബാനർ എടുത്തുമാറ്റാൻ വിട്ടുപോയതാണെന്നുമാണ് വാഹന ഉടമകളുടെ വിശദീകരണം. ഒരു പ്രധാന ചെക്പോസ്റ്റു വഴി കടന്നുവരുന്ന ഹെവി വെഹിക്കിൾ വാഹനത്തിൽനിന്ന് ഇത്തരമൊരു ബാനർ എടുത്തുമാറ്റാൻ മറന്നുപോയതാണെന്നുള്ള വിശദീകരണം പോലീസ് വിശ്വാസത്തിലെടുത്തിട്ടില്ല. സംഭവമറിഞ്ഞ് ജില്ലാ കളക്ടറും എഡിഎമ്മും സ്ഥലത്തെത്തി പരിശോധന നടത്തി. വിശദമായ പരിശോധനകൾക്ക് വാഹനം സിവിൽസ്റ്റേഷനിൽ എത്തിച്ചിട്ടുണ്ട്.

# യുഎൻ സഹായം വേണമോ എന്നു കേന്ദ്ര-കേരള സർക്കാരുകൾ തീരുമാനിക്കണം: ശശി തരൂർ

**തിരുവനന്തപുരം:** പ്രളയക്കെടുതിയും തുടർന്നുള്ള പുനർനിർമാണ പ്രവർത്തനങ്ങളും നേരിടാൻ ഐക്യരാഷ്ട്ര സംഘടനയുടെ സഹായം തേടണമോ എന്ന് കേന്ദ്ര - സംസ്ഥാന സർക്കാരുകളാണു തീരുമാനിക്കേണ്ടതെന്ന് ഡോ. ശശി തരൂർ എംപി. പ്രളയ ദുരിതത്തിൽ മുങ്ങിയ കേരളത്തിന് അന്താരാഷ്ട്ര സഹായം ലഭ്യമാക്കുന്നതിനായി സ്വന്തം നിലയിലാണ് ഐക്യരാഷ്ട്ര സംഘടനാ നേതൃത്വവുമായി ചർച്ച നടത്തിയത്. സ്വന്തം ചെലവിലായിരുന്നു യാത്രയെന്നും തരൂരിന്റെ ഓഫീസ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ വിശദീകരിച്ചു. യാത്രയെക്കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയനുമായി നേരിട്ട് ആശയവിനിമയം നടത്തിയിരുന്നു. ഐക്യരാഷ്ട്ര സംഘടനയിലെ പ്രധാനികളുമായി നടത്തിയ ചർച്ചകളുടെ വിവരങ്ങൾ വിശദീകരിച്ചു കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയന് കത്തും എഴുതിയിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെയും ലോകാരോഗ്യ സംഘടനയുടെയും റെഡ് ക്രോസിന്റെയും ഇടപെടലിനും സഹായത്തിനുമുള്ള സാധ്യതകളാണ് രണ്ടു ദിവസം ജനീവയിൽ നടത്തിയ ചർച്ചയിലൂടെ തേടിയത്.

യുഎൻ ഏജൻസികളുടെ നേതൃത്വത്തിൽ വ്യത്യസ്ത തലങ്ങളിലുള്ള ആവശ്യങ്ങൾ സംബന്ധിച്ച പഠനം ആവശ്യമുണ്ടോ എന്നു സംസ്ഥാന സർക്കാരിനു പരിശോധിക്കാവുന്നതാണ്. യുഎന്നുമായി സഹകരിച്ച് അന്താരാഷ്ട്ര സമ്മേളനം വിളിച്ച് കേരളത്തിന്റെ പുനർനിർമാണം സംബന്ധിച്ച് ചർച്ച ചെയ്യാം. ഇതുവഴി പുനർനിർമാണത്തിന് അന്താരാഷ്ട്ര സഹായം ഉറപ്പാക്കാൻ സാധിക്കും. ലോകാരോഗ്യ സംഘടനയുടെ കൈവശമുള്ള കോളറ തടയുന്നതിനുള്ള വാക്സിൻ കേരളത്തിന് ആവശ്യപ്പെടാം.

അന്താരാഷ്ട്ര സഹായം തേടാൻ കേന്ദ്രസർക്കാർ തയാറല്ലാത്ത സാഹചര്യത്തിൽ കേന്ദ്രത്തിന്റെ സമ്മതത്തോടെ യുഎൻ ഏജൻസികളുമായി ചർച്ച നടത്തി മേൽപ്പറഞ്ഞ കാര്യങ്ങൾ സാധിച്ചെടുക്കാവുന്നതാണെന്നും ശശി തരൂർ വ്യക്തമാക്കി.

# ദുരിതാശ്വാസ നിധിയുടെ പേരിൽ തട്ടിപ്പ്: തമിഴ്നാട് സ്വദേശി അറസ്റ്റിൽ

**തിരുവനന്തപുരം:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിൽ പണം തട്ടാൻ ശ്രമിച്ചയാളെ ഷാഡോ പോലീസ് പിടികൂടി. തമിഴ്നാട് തിരുച്ചിറപ്പള്ളി തോട്ടിയാമ്പട്ടിയിൽ വിജയകുമാറാണ് (38) പിടിയിലായത്.

ദുരിതാശ്വാസ നിധിയിൽ സിനിമാനടന്മാരും വ്യവസായികളും വലിയ തുകകൾ സംഭാവന ചെയ്യുന്നതു മനസിലാക്കിയ വിജയകുമാർ ഈ പണം തന്റെ അക്കൗണ്ടിലേക്കു ആക്കാനുള്ള പദ്ധതി തയാറാക്കുകയായിരുന്നു. ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ട് നമ്പർ ഉൾപ്പെടെ സോഷ്യൽ മീഡിയയിൽ വന്ന മെസേജ് എഡിറ്റ് ചെയ്ത് സ്വന്തം അക്കൗണ്ട് നമ്പർ ചേർത്തു മറ്റുള്ളവരിലേക്ക് അയയ്ക്കുകയായിരുന്നു.

ഇതു വ്യാപകമായി തമിഴ്നാട്ടിൽ പ്രചരിച്ചു. സിറ്റി പോലീസ് കമ്മീഷണർക്കു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ സൈബർഡോം ഇയാളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഇയാളുടെ തൃച്ചി ബാങ്കിലുള്ള അക്കൗണ്ട് മരവിപ്പിക്കുകയും ചെയ്തു. തുടർന്നു ഷാഡോ പോലീസ് തമിഴ്നാട് കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിൽ തിരുച്ചിറപ്പള്ളിയിൽ ബന്ധു വീട്ടിൽ നിന്ന് വിജയകുമാറിനെ അറസ്റ്റ് ചെയ്യുകയായിരുന്നു. മെസേജ് പ്രചരിച്ചു ദിവസങ്ങൾക്കകം പ്രതിയെ പിടികൂടാൻ കഴിഞ്ഞതിനാൽ ഇയാളുടെ തട്ടിപ്പ് പൊളിഞ്ഞു.